ഈ പദ്ധതിയുടെ മിക്കവാറുമുള്ള പണികളൊക്കെ തീർന്നുകഴിഞ്ഞു. ഇലക്ട്രിസിറ്റി കണക്ഷനുവേണ്ടി കാത്തിരിക്കുകയാണ്. ഇലക്ട്രിസിറ്റി കണക്ഷൻ ഈ മാസംതന്നെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മാസം അവസാനത്തോടെ പദ്ധതി കമ്മിഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(28) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ജലവിതരണത്തിലുണ്ടായ തടസ്സം

ശ്രീ. സി. എഫ്. തോമസ് : സർ, കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണത്തിൽ ഉണ്ടായ തകരാറുമൂലം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ വിവിധഭാഗങ്ങളിൽ കുടിവെള്ളവിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. ഇതിന്റെ കാരണങ്ങൾ സംബന്ധിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണുള്ളത് . ആളുകൾ വളരെയേറെ വിഷമിക്കുന്നു. അതുകൊണ്ട് എത്രയുംവേഗം എക്സിക്യൂട്ടീവ് എൻജിനിയർ തലത്തിലെങ്കിലും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ആവശ്യമായ നടപടികൾ സ്വീകരിച്ച് ജനങ്ങൾക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കല്ലിശ്ശേരി ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ചങ്ങനാശ്ശേരിയിലേയ്ക്കുള്ള പ്രധാന പൈപ്പുലൈൻ തിരുവില്ലായ്ക്ക് സമീപം ഫെബ്രുവരി 20-ന് തകരാറിലായതുമൂലം ജലവിതരണത്തിന് തടസ്സം നേരിട്ടു. ഫെബ്രുവരി 22-ന് തകരാറുകൾ നീക്കി പമ്പിംഗ് ആരംഭിച്ചു. അറ്റകുറ്റപ്പണികൾ നടക്കുന്ന വിവരം പൊതുജനങ്ങളെ മാധ്യമങ്ങളിൽക്കൂടി അറിയിച്ചിരുന്നു. ചങ്ങനാശ്ശേരി-ചെത്തിപ്പുഴ സബ്സ്റ്റേഷന്റെ ഇലക്ട്രിക് വർക്കുകൾ 1-3-2001 മുതൽ നടക്കുന്നതുകാരണം ഇടയ്ക്കിടയ്ക്ക് പകൽസമയങ്ങളിൽ പെരുന്ന പമ്പ് ഹൗസിൽനിന്ന് പമ്പിംഗ് തടസ്സപ്പെടുന്നുണ്ട്. പെരുന്നയിൽ നിന്നും ചെറുകര കുന്നിലേയ്ക്ക് പമ്പ് ചെയ്യുന്നതിനുവേണ്ട വോൾട്ടേജ് കിട്ടാതെ വരുന്നതുകൊണ്ടാണ് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചിലഭാഗങ്ങളിൽ ജലവിതരണത്തിന് തടസ്സം നേരിടുന്നത്. വൈദ്യുതി ബോർഡ് നടത്തുന്ന അറ്റകുറ്റപ്പണികൾ തീരുന്നതോടെ അവിടെയുണ്ടായിരിക്കുന്ന ജലവിതരണത്തിന്റെ തടസ്സം മാറുന്നതാണ്.

(29) മൂവാറ്റുപുഴ ജലസേചന പദ്ധതിക്ക് അനുവദിച്ച സെൻട്രൽ ലോൺ അസിസ്റ്റന്റ് റിലീസ് ചെയ്തുകൊടുക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ടി. എം. ജേക്കബ് : സർ, കേന്ദ്ര ഗവൺമെന്റിന്റെ Payment of Central Loan Assistance under Accelerated Irrigation Benefit Programme to the States during the State's Annual Plan 2000-2001 അനുസരിച്ച് ഇൻഡ്യയിലെ 12 സ്റ്റേറ്റുകൾക്ക് ലോൺ അസിസ്റ്റൻസ് കിട്ടിയിട്ടുണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് 12,65,00,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചുവെങ്കിലും നാളിതുവരെ അത് റിലീസ് ചെയ്തുകൊടുത്തില്ല. മാർച്ച് 31-ാം തീയതിക്കകം ഈ തുക റിലീസ് ചെയ്ത് കൊടുത്തില്ലായെങ്കിൽ അത് ലാപ്സാകും. എം. വി. ഐ. പി.യിൽ 1-3-2001-ലെ കണക്കനുസരിച്ച് 10 കോടി രൂപയുടെ പെന്റിംഗ് ബിൽസ് ഉണ്ട്. ഈ വർഷത്തെ 40 കോടി രൂപയുടെ അലോട്ട്മെന്റിൽ 25 കോടി രൂപ മാത്രമേ റിലീസ്ചെയ്ത് കൊടുത്തിട്ടുള്ളൂ. ഈ പശ്ചാത്തലത്തിൽ സെൻട്രൽ അസിസ്റ്റൻസായി കിട്ടിയിരിക്കുന്ന പണം അടിയന്തിരമായും കൊടുത്തില്ലായെങ്കിൽ ആ പ്രോജക്ട് സ്തംഭനാവസ്ഥയിലേയ്ക്ക് പോകും. നമുക്ക് കിട്ടിയിരിക്കുന്ന ഈ അസിസ്റ്റൻസ് ഉപയോഗപ്പെടുത്താനുള്ള നടപടി ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-2001 സാമ്പത്തിക വർഷത്തിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ വർക്കിന് 1958.17 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽ 9,709.00 രൂപ ഇതിനകം ലെറ്റർ ഓഫ് ക്രെഡിറ്റ് മുഖേന അനുവദിച്ചുകഴിഞ്ഞു. അടുത്ത ലെറ്റർ ഓഫ് ക്രെഡിറ്റ് കിട്ടുന്ന മുറയ്ക്ക് ബാക്കി തുകയും നൽകുന്നതാണ്.

(30) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : കടംപുഴപ്പുറം ഗ്രാമത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാനുള്ള ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതി അടിയന്തിരമായും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ശ്രീകൃഷ്ണപുരം I-ഉം II-ഉം വില്ലേജുകൾക്കും വെള്ളിനേഴി, പൂക്കോട്ടുകാവ്, കടമ്പഴിപ്പുറം എന്നീ ഗ്രാമങ്ങൾക്കുംവേണ്ടി പ്രത്യേകമായി നാല് ശുദ്ധജലവിതരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. എൽ.ഐ.സി.യുടെ സഹായത്തോടുകൂടിയാണ് അവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 11 ദശലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. 2032-ാം ആണ്ടിൽ 1.40 ലക്ഷം ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. നദിയിൽ മുണ്ടക്കോട്ടുകുറിശി എന്ന സ്ഥലത്ത് ഒരു ചെക്ക്ഡാം നിർമ്മിച്ച് അവിടെ കിണറും പമ്പ് ഹൗസും സ്ഥാപിച്ച് ജലമെത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. 4 സർവ്വീസ് റിസർവോയറുകളും 128 കി.മീ. വിതരണശൃംഖലയും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. പദ്ധതി പൂർത്തിയാകുമ്പോൾ 145 പൊതു ടാപ്പുകളും 15,000 ഹൗസ് കണക്ഷനുകളും നൽകാൻ കഴിയും. മേൽപ്പറഞ്ഞ നാല് പദ്ധതികൾക്കും ധനസഹായം ലഭിക്കുന്നതിനുള്ള വായ്പ അപേക്ഷകൾ എൽ.ഐ.സി.ക്ക് 2000 ഡിസംബറിൽ സമർപ്പിച്ചു. വായ്പ ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly